(ബി) & (സി) ഇപ്പോൾ മുട്ടക്കോഴികുഞ്ഞുങ്ങളുടെ വിതരണത്തിൽ നഗരത്തിലുള്ള ബ്രോളാക്കുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇക്കോ കയർ വില്ലേജുകളുടെ ശിലാസ്ഥാപനം

97 [435] *ശ്രീ. എം. എ. കുട്ടപ്പൻ:*
ശ്രീ. വർക്കല കഹാർ:
,, വി. ഡി. സതീശൻ:
,, ടി. യു. രാധാകൃഷ്ണൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കയർഫെഡിന്റെ ആഭിമുഖ്യത്തിൽ എവിടെയെല്ലാം ഇക്കോ കയർ വില്ലേജ് ആരംഭിക്കുവാൻ പരിപാടി ഉണ്ടായിരുന്നു;

(ബി) അതിൽ എവിടെയെല്ലാം ഇക്കോ കയർ വില്ലേജ് സ്ഥാപിക്കുന്നതിനുള്ള ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്; ഇതിലേക്ക് എന്ത് തുക ചെലവായി;

(സി) ഈ പദ്ധതിക്കുവേണ്ടി ശിലാസ്ഥാപനം നടത്തിയ ഏതെങ്കിലും സ്ഥലം സ്വകാര്യഭൂമിയായിരുന്നുവോ;

(ഡി) അവിടെ ഇക്കോ കയർ വില്ലേജ് സ്ഥാപിക്കുന്നതിന് ഭൂമി നികത്തുവാൻ എന്ത് തുക ചെലവായി;

(ഇ) അവിടെ ഇക്കോ കയർ വില്ലേജ് സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(എഫ്) പ്രസ്തുത സ്ഥലത്തിന്റെ ഉടമ അത് വിൽക്കുകയുണ്ടായോ;

(ജി) സ്വകാര്യ ഭൂമിയിൽ ശിലാസ്ഥാപനം നടത്തുകയും ഇക്കോ കയർ വില്ലേജ് സ്ഥാപിക്കാതെന്ന വ്യാജേന തുക ചെലവഴിക്കുകയും ചെയ്തവരുടെ മേൽ എന്ത് നടപടി എടുത്തു;

(എച്ച്) അന്ന് കയർഫെഡ് ചെയർമാൻ ആരായിരുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) കയർ ഫെഡിന്റെ ആഭിമുഖ്യത്തിൽ ഇക്കോ കയർ വില്ലേജ് ഹരിപ്പാട് സ്ഥാപിക്കാൻ പരിപാടി ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കോ കയർ വില്ലേജിന്റെ ശിലാസ്ഥാപന കർമ്മം ഹരിപ്പാട് നടത്തിയിരുന്നു. ഉത്ഘാടന കർമ്മത്തിനും അതിനോടനുബന്ധിച്ചുള്ള പരസ്യത്തിനുമായി 5.50 ലക്ഷം രൂപ ചെലവായി.

(സി) ഈ പദ്ധതിക്കുവേണ്ടി ശിലാസ്ഥാപനം നടത്തിയ ഭൂമി സ്വകാര്യ ഭൂമിയായിരുന്നു.

(ഡി) ഇക്കോ കയർ വില്ലേജ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന ഭൂമി കയർഫെഡ് നികത്തിയിട്ടില്ല.

(ഇ) ഇക്കോ കയർ വില്ലേജ് സ്ഥാപിക്കാൻ ഭൂമി കണ്ടെത്തുകയുണ്ടായി.

(എഫ്) പ്രസ്തുത സ്ഥലത്തിന്റെ ഉടമ സ്ഥലം വിൽക്കുകയുണ്ടായെന്ന് പത്ര മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

(ജി) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കൂടാതെ, സഹകരണ വകുപ്പ് സ്പെഷ്യൽ ഓഡിറ്റും നടത്തിയിട്ടുണ്ട്. ഓഡിറ്റു റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകളിൻമേൽ കേരള സഹകരണ നിയമം സെക്ഷൻ 65 പ്രകാരം എൻക്വയറി നടത്തുവാൻ രജിസ്ട്രാർ കൂടിയായ കയർ വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എച്ച്) അന്ന് കയർഫെഡ് പ്രസിഡന്റ് ശ്രീ. ടി. കെ. ദേവകുമാർ ആയിരുന്നു.

കയർഫെഡ് എം.ഡി.-യുടെയും ചെയർമാന്റെയും വിദേശയാത്രാ ചെലവ്

98 [436] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിന്റെ എം.ഡി.-യും ചെയർമാനും എത്രതവണ വിദേശപര്യടനത്തിനു പോയിട്ടുണ്ടെന്നു പറയാമോ;

(ബി) ഏതെല്ലാം രാജ്യങ്ങളാണ് ഇവർ സന്ദർശിച്ചത്;

(സി) വിദേശ പര്യടനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തായിരുന്നു;

(ഡി) ഇതിനായി ഓരോരുത്തർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് പറയാമോ;

(ഇ) ഈ കാലയളവിൽ ഓരോരുത്തരും ടി. എ., ഡി. എ. ഇനത്തിൽ വാങ്ങിയ തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly